15 -ാം കേരള നിയമസഭ

13 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2358 **04-03-2025 - ൽ മറുപടിയ്ക്ക്**

തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടി

ചോദ്യം		ഉത്തരം	
ശ്രീ. പി. കെ. ബഷീർ		ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)	
(എ)	സംസ്ഥാനത്തിന്റെ തനതു വരുമാനം വർദ്ധിപ്പിച്ച് സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?	(എ)	കേന്ദ്രനികുതി വിഹിതത്തിലെ കുറയ്ക്കൽ, ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കൽ, RD ഗ്രാന്റിലെ കുറവ് മുതലായ ഇനങ്ങളിലായി കേന്ദ്രസർക്കാർ സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി വിവിധ വകുപ്പുകളിലെ ദീർഘകാലമായി പരിഷ്കരിക്കാത്ത നികുതി-നികുതിയേതര ഇനങ്ങളുടെ നിരക്കുകൾ (ഡ്യൂട്ടി, സെസ്സ്, ഫീസുകൾ, ഫൈനുകൾ, സർവ്വീസ് ചാർജ്ജുകൾ എന്നിവ ഉൾപ്പെടെ) കാലികമായി പരിഷ്കരിക്കുന്നതിനും, പുതിയ ഇനങ്ങൾ കണ്ടെത്തുന്നതിനുമുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിനു ലഭിക്കാനുള്ള നികുതി-നികുതിയേതര വരുമാനത്തിലുള്ള കുടിശ്ശിക ഈടാക്കുന്നതിനും, സർക്കാർ ഖജനാവിലേയ്ക്കുള്ള റവന്യൂ വരുമാനം കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിനുമുള്ള നിർദ്ദേശം വകുപ്പുകൾക്ക് നല്കിയിട്ടുമുണ്ട്. നികുതി-നികുതിയേതര ഇനങ്ങളുടെ നിലവിലെ നിരക്കുകൾ പരിഷ്കരിച്ചുകൊണ്ടും, പുതിയ ധനാഗമമാർഗ്ഗങ്ങൾ കൂട്ടിച്ചേർത്തുകൊണ്ടും അധിക വിഭവ സമാഹരണത്തിനുള്ള നടപടികൾ കഴിഞ്ഞ സാമ്പത്തിക വർഷത്തിലും, നടപ്പ് സാമ്പത്തിക വർഷത്തിലും ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. 2023-24 വർഷം പ്രധാനമായും GST, മോട്ടോർ വാഹനം, ലാൻഡ് റവന്യൂ, രജിസ്ട്രേഷൻ, എക്സൈസ് എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട നികുതി ഇനങ്ങളുടെയും, വാണിജ്യ, വ്യാവസായിക യൂണിറ്റുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വൈദ്യുതി തീരുവയുടെയും നിരക്ക് പരിഷ്കരണം, സാമൂഹ്യ സുരക്ഷാ സെസ് എന്നിവ നടപ്പിലാക്കിയിരുന്നു. നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി GST, എക്സൈസ് എന്നീ വകുപ്പുകൾ

ആംനസ്റ്റി പദ്ധതിയും, മോട്ടോർ വാഹന വകുപ്പ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നടപ്പാക്കി വരുന്നു. അതോടൊപ്പം GST, മോട്ടോർ വാഹനം, ലാൻഡ് റവന്യൂ, രജിസ്ട്രേഷൻ, എക്സൈസ് എന്നീ വകുപ്പുകൾ നികുതി വെട്ടിപ്പ് തടയുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പാക്കിവരുന്നുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ രജിസ്ട്രേഷൻ, ലാൻഡ് റവന്യൂ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട നിരക്കുകൾ വർദ്ധിപ്പിച്ചതിലൂടെയും, ജുഡീഷ്യൽ കോർട്ട് ഫീസ്, ഗാലനേജ് ഫീസ്, സ്വന്തമായി വൈദ്യുതി ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്കും, ലൈസൻസികൾക്കും ഏർപ്പെടുത്തിയിട്ടുള്ള വൈദ്യുതി തീരുവ എന്നിവയുടെ പരിഷ്കരണത്തിലൂടെയും തനത് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ തദ്ദേശസ്വയംഭരണ വകുപ്പിന്റെ തനത് നികുതി വരുമാനം ഉയർത്തുന്നതിനും, കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിനുമുള്ള നടപടികളും സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

സംസ്ഥാനത്തിന്റെ പ്രധാന നികുതി വരുമാന മേഖലയായ GST വരുമാനം വർദ്ധിപ്പിക്കുന്നതിനായി, GST നിയമവ്യവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ വകുപ്പിനെ പുന:സംഘടിപ്പിച്ചു നികുതി പിരിവു കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പ് പുന:സംഘടനയിലൂടെ ടാക്സ് പെയർ സർവ്വീസസ്, ഓഡിറ്റ് ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾ രൂപീകരിച്ചിട്ടുണ്ട്. രഹസ്യ അന്വേഷണം, ഇൻഫോർമർമാർ, പരാതികൾ എന്നിവയിലൂടെ ഇന്റലിജൻസ് വിഭാഗം വലിയ തോതിൽ നികുതിവെട്ടിപ്പ് നടക്കുന്ന മേഖലകൾ കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സേർച്ച്, ഇൻസ്പെക്ഷൻ എന്നിവ നടത്തുകയും നികുതി വെട്ടിപ്പ് കണ്ടെത്തുന്ന പക്ഷം നിയമത്തിനു വിധേയമായി പെനാൽറ്റി ഈടാക്കുകയും ചില കേസുകളിൽ അറസ്റ്റ് അടക്കമുള്ള നടപടികൾ സ്വീകരിച്ചു നികുതി ഈടാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

എക്സൈസ് വകുപ്പിന്റെ തനത് നികുതി വരുമാനം നിലനിർത്തുന്നതിനും ഉയർത്തുന്നതിനുമായി അബ്കാരി നിയമ പ്രകാരം കണ്ടെടുക്കുന്ന കേസുകളിലെ പിഴത്തുക വർദ്ധിപ്പിച്ചിട്ടുണ്ട്. കേസുകളിൽ പിടികൂടുന്ന വാഹനങ്ങൾ കണ്ടുകെട്ടി ഡിസ്പോസൽ നടപടികൾ വേഗത്തിലാക്കി വരുമാനം

			വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ആംനെസ്റ്റി പദ്ധതി പ്രകാരം നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് മുൻകൂറായാണ് വിവിധ ലൈസൻസ് ഫീസുകളും വിദേശമദ്യത്തിന്മേലുള്ള നികുതിയും പിരിച്ചെടുക്കുന്നത്. നികുതി വെട്ടിപ്പ് തടയുന്നതിന് ലൈസൻസ് ഫീ ഉൾപ്പെടെയുള്ള എല്ലാ ഫീസുകളും പ്രത്യേകം ശീർഷകങ്ങൾ അനുവദിച്ച് ഓൺലൈൻ മുഖേന സമാഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട് ഭൂമിയുടെ ന്യായവില വർദ്ധിപ്പിക്കൽ, ഗഹാനുകളും, ഗഹാൻ റിലീസുകളും ഫയൽ ചെയ്യുന്നതിന് ഫീസ് ഏർപ്പെടുത്തൽ, 1955-ലെ തിരുവിതാംകൂർ-കൊച്ചി, സാഹിത്യ ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന സംഘങ്ങളുടെ രജിസ്ട്രേഷൻ ഫീസിൽ കാലികമായ വർദ്ധനവ് വരുത്തൽ, 1932-ലെ ഇന്ത്യൻ പാർട്ട്ണർഷിപ്പ് ആക്ട് അനുസരിച്ചുള്ള പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനും തുടർനടപടികളും സംബന്ധിച്ച വിവിധ സേവനങ്ങൾക്കുള്ള ഫീസ് നിരക്കുകൾ, മുദ്രവില എന്നിവയുടെ വർദ്ധനവ്, ഫെയർവാല്യുവിന്റെ അടിസ്ഥാനത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി കണക്കാക്കൽ, കുടിശ്ശിക പിടിച്ചെടുക്കുന്നതിനുള്ള നടപടികൾ തുടങ്ങിയവയിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അണ്ടർവാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള മേൽപ്രകാരമുള്ള കോംപൗണ്ടിംഗ് പദ്ധതികൾ ഏർപ്പെടുത്തിയതിലൂടെയും, ലീസ് ഡീഡുകൾക്ക് ഫെയർവാല്യു/വാടക അടിസ്ഥാനമാക്കി സ്റ്റാമ്പ്, ഫീസ് നിർണ്ണയിക്കുന്നതിനായി കേരള സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തിയതിലൂടെയും, 2023-24 സാമ്പത്തിക വർഷത്തിൽ ഫെയർവാല്യു വർദ്ധനവ് വരുത്തിയതിലൂടെയും വകുപ്പിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലാൻഡ് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഭൂനികുതി, കെട്ടിട നികുതി, അധിക നികുതി എന്നിവ കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട്, ദീർഘകാലമായി നികുതി ഒടുക്കാത്ത വാഹന നികുതി കുടിശ്ശിക തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയതുവഴി, ലഭിക്കുവാൻ സാദ്ധ്യത കുറവായിരുന്ന കുടിശ്ശിക

ഈടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ ഗതാഗത നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനായി എ.ഐ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ നിരീക്ഷണ സംവിധാനം, ഓഫീസുകളിലെ നികുതി ചോർച്ച കണ്ടെത്തുന്നതിനായി ഫലപ്രദമായ ആഭ്യന്തര കണക്ക പരിശോധന സംവിധാനം എന്നിവ ഏർപ്പെടുത്തിയതിലൂടെയും, കാര്യക്ഷമമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെയും മോട്ടോർ വാഹന നികുതി കൃത്യമായി ഈടാക്കി വരുന്നുണ്ട്. എല്ലാ ബുധനാഴ്ചകളും നികുതി കടിശ്ശിക ഈടാക്കുന്ന പ്രവർത്തനങ്ങൾക്കായി മാറ്റിവെച്ചിരിക്കുന്നു. നികുതി കടിശ്ശിക വരുത്തിയവർക്ക് പ്രസ്തുത ദിവസങ്ങളിൽ ഡിമാന്റ് നോട്ടീസ് നൽകുകയും തുടർന്ന് റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്യുന്നു.

ഇതിനുപുറമേ, മൈനിംഗ് & ജിയോളജി, ലോട്ടറി, വനം-വന്യജീവി, പോലീസ് തുടങ്ങിയ വകുപ്പുകളുമായി ബന്ധപ്പെട്ടുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ അടിയന്തര സാമ്പത്തിക ആവശ്യകത പരിഗണിച്ച് ഓരോ വകുപ്പിലേയും നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി വിവിധ ഫീസുകൾ, ഫൈനുകൾ, സർവ്വീസ് ചാർജ്ജുകൾ തുടങ്ങിയവ കാലാനുസൃതമായി വർദ്ധനവ് വരുത്തുന്നതിനായി ക്യാബിനറ്റ് തീരുമാനപ്രകാരം ധനകാര്യ വകുപ്പ് സ.ഉ(അച്ചടി)നം.55/2024/ധന തീയതി:17/07/2024 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം വിവിധ സർക്കാർ വകുപ്പുകൾ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

റവന്യൂ വരുമാനം, റവന്യൂ കുടിശ്ശിക എന്നിവ പിരിച്ചെടുക്കുന്നതു സംബന്ധിച്ച് സർക്കാർ തലത്തിൽ മോണിറ്ററിംഗ് നടത്തുന്നതിനായി പ്രധാന വകുപ്പുകളുടെ അവലോകന യോഗം ചേരുന്നുണ്ട്. അതോടൊപ്പം, ദൈനംദിന ധനകാര്യ മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നുണ്ട്. സാമൂഹ്യക്ഷേമ വികസന ചെലവുകൾ ഭംഗം കൂടാതെ നടത്തിയും പരമാവധി അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും മുൻപോട്ട് പോകുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ തനത് വരുമാനം ഉയർത്തിയും,

			അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും, റിസോഴ്സ് ഗ്യാപ് ക്രമേണ കുറച്ചുകൊണ്ട് വന്ന്, ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തുന്നതിലൂടെയും വരും വർഷങ്ങളിൽ സംസ്ഥാന സമ്പദ് വ്യവസ്ഥ കൂടുതൽ ശക്തിപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ

പതിനഞ്ചാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2358
04.03.2025 - ലെ മറുപടിക്ക്

തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടി

ചോദ്യം	മറുപടി
ശ്രീ. പി. കെ. ബഷീർ	ശ്രീ.കെ.എൻ ബാലഗോപാൽ ധനകാര്യ വകുപ്പ് മന്ത്രി
(എ) സംസ്ഥാനത്തിന്റെ തനതു വരുമാനം വർദ്ധിപ്പിച്ച് സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?	കേന്ദ്രനികുതി വിഹിതത്തിലെ കുറയ്ക്കൽ, ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കൽ, RD ഗ്രാന്റിലെ കുറവ് മുതലായ ഇനങ്ങളിലായി കേന്ദ്രസർക്കാർ സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി വിവിധ വകുപ്പുകളിലെ ദീർഘകാലമായി പരിഷ്കരിക്കാത്ത നികുതി-നികുതിയേതര ഇനങ്ങളുടെ നിരക്കുകൾ (ഡ്യൂട്ടി, സെസ്സ്, ഫീസുകൾ, ഫൈനുകൾ, സർവ്വീസ് ചാർജ്ജുകൾ എന്നിവ ഉൾപ്പെടെ) കാലികമായി പരിഷ്കരിക്കുന്നതിനും, പുതിയ ഇനങ്ങൾ കണ്ടെത്തുന്നതിനുമുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിനു ലഭിക്കാനുള്ള നികുതി-നികുതിയേതര വരുമാനത്തിലുള്ള കുടിശ്ശിക ഈടാക്കുന്നതിനും, സർക്കാർ ഖജനാവിലേയ്ക്കുള്ള റവന്യൂ വരുമാനം കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിനുമുള്ള നിർദ്ദേശം വകുപ്പുകൾക്ക് നല്കിയിട്ടുമുണ്ട്. നികുതി-നികുതിയേതര ഇനങ്ങളുടെ നിലവിലെ നിരക്കുകൾ പരിഷ്കരിച്ചുകൊണ്ടും, പുതിയ ധനാഗമമാർഗ്ഗങ്ങൾ കൂട്ടിച്ചേർത്തുകൊണ്ടും അധിക വിഭവ സമാഹരണത്തിനുള്ള നടപടികൾ കഴിഞ്ഞ സാമ്പത്തിക വർഷത്തിലും, നടപ്പ് സാമ്പത്തിക വർഷത്തിലും ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. 2023-24 വർഷം പ്രധാനമായും GST, മോട്ടോർ വാഹനം, ലാൻഡ് റവന്യൂ, രജിസ്ട്രേഷൻ, എക്സൈസ് എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട നികുതി ഇനങ്ങളുടെയും, വാണിജ്യ,

വ്യാവസായിക യൂണിറ്റുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വൈദ്യുതി തീരുവയുടെയും നിരക്ക് പരിഷ്കരണം, സാമൂഹ്യ സുരക്ഷാ സെസ് എന്നിവ നടപ്പിലാക്കിയിരുന്നു. നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി GST, എക്സൈസ് എന്നീ വകുപ്പുകൾ ആംനസ്റ്റി പദ്ധതിയും, മോട്ടോർ വാഹന വകുപ്പ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നടപ്പാക്കി വരുന്നു. അതോടൊപ്പം GST, മോട്ടോർ വാഹനം, ലാൻഡ് റവന്യൂ, രജിസ്ട്രേഷൻ, എക്സൈസ് എന്നീ വകുപ്പുകൾ നികുതി വെട്ടിപ്പ് തടയുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പാക്കിവരുന്നുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ രജിസ്ട്രേഷൻ, ലാൻഡ് റവന്യൂ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട നിരക്കുകൾ വർദ്ധിപ്പിച്ചതിലൂടെയും, ജുഡീഷ്യൽ കോർട്ട് ഫീസ്, ഗാലനേജ് ഫീസ്, സ്വന്തമായി വൈദ്യുതി ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്കും, ലൈസൻസികൾക്കും ഏർപ്പെടുത്തിയിട്ടുള്ള വൈദ്യുതി തീരുവ എന്നിവയുടെ പരിഷ്കരണത്തിലൂടെയും തനത് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ തദ്ദേശസ്വയംഭരണ വകുപ്പിന്റെ തനത് നികുതി വരുമാനം ഉയർത്തുന്നതിനും, കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിനുമുള്ള നടപടികളും സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

സംസ്ഥാനത്തിന്റെ പ്രധാന നികുതി വരുമാന മേഖലയായ GST വരുമാനം വർദ്ധിപ്പിക്കുന്നതിനായി, GST നിയമവ്യവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ വകുപ്പിനെ പുനഃസംഘടിപ്പിച്ചു നികുതി പിരിവു കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പ് പുനഃസംഘടനയിലൂടെ ടാക്സ് പെയർ സർവ്വീസസ്, ഓഡിറ്റ് ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾ രൂപീകരിച്ചിട്ടുണ്ട്. രഹസ്യ അന്വേഷണം, ഇൻഫോർമർമാർ, പരാതികൾ എന്നിവയിലൂടെ ഇന്റലിജൻസ് വിഭാഗം വലിയ തോതിൽ നികുതിവെട്ടിപ്പ് നടക്കുന്ന മേഖലകൾ കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സേർച്ച്, ഇൻസ്പെക്ഷൻ എന്നിവ നടത്തുകയും നികുതി വെട്ടിപ്പ് കണ്ടെത്തുന്ന പക്ഷം നിയമത്തിനു വിധേയമായി പെനാൽറ്റി ഈടാക്കുകയും ചില കേസുകളിൽ അറസ്റ്റ് അടക്കമുള്ള നടപടികൾ സ്വീകരിച്ചു നികുതി ഈടാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

എക്സൈസ് വകുപ്പിന്റെ തനത് നികുതി വരുമാനം

	നിലനിർത്തുന്നതിനും ഉയർത്തുന്നതിനുമായി അബ്കാരി നിയമ പ്രകാരം കണ്ടെടുക്കുന്ന കേസുകളിലെ പിഴത്തുക വർദ്ധിപ്പിച്ചിട്ടുണ്ട്. കേസുകളിൽ പിടികൂടുന്ന വാഹനങ്ങൾ കണ്ടുകെട്ടി ഡിസ്പോസൽ നടപടികൾ വേഗത്തിലാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ആംനെസ്റ്റി പദ്ധതി പ്രകാരം നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് മുൻകൂറായാണ് വിവിധ ലൈസൻസ് ഫീസുകളും വിദേശമദ്യത്തിന്മേലുള്ള നികുതിയും പിരിച്ചെടുക്കുന്നത്. നികുതി വെട്ടിപ്പ് തടയുന്നതിന് ലൈസൻസ് ഫീ ഉൾപ്പെടെയുള്ള എല്ലാ ഫീസുകളും പ്രത്യേകം ശീർഷകങ്ങൾ അനുവദിച്ച് ഓൺലൈൻ മുഖേന സമാഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട് ഭൂമിയുടെ ന്യായവില വർദ്ധിപ്പിക്കൽ, ഗഹാനുകളും, ഗഹാൻ റിലീസുകളും ഫയൽ ചെയ്യുന്നതിന് ഫീസ് ഏർപ്പെടുത്തൽ, 1955-ലെ തിരുവിതാംകൂർ-കൊച്ചി, സാഹിത്യ ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന സംഘങ്ങളുടെ രജിസ്ട്രേഷൻ ഫീസിൽ കാലികമായ വർദ്ധനവ് വരുത്തൽ, 1932-ലെ ഇന്ത്യൻ പാർട്ട്ണർഷിപ്പ് ആക്ട് അനുസരിച്ചുള്ള പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനും തുടർനടപടികളും സംബന്ധിച്ച വിവിധ സേവനങ്ങൾക്കുള്ള ഫീസ് നിരക്കുകൾ, മുദ്രവില എന്നിവയുടെ വർദ്ധനവ്, ഫെയർവാല്യൂവിന്റെ അടിസ്ഥാനത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി കണക്കാക്കൽ, കുടിശ്ശിക പിടിച്ചെടുക്കുന്നതിനുള്ള നടപടികൾ തുടങ്ങിയവയിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അണ്ടർവാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനായി കോംപൗണ്ടിംഗ് പദ്ധതികൾ ഏർപ്പെടുത്തിയതിലൂടെയും, ലീസ് ഡീഡുകൾക്ക് ഫെയർവാല്യൂ/വാടക അടിസ്ഥാനമാക്കി സ്റ്റാമ്പ്, ഫീസ് നിർണ്ണയിക്കുന്നതിനായി കേരള സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തിയതിലൂടെയും, 2023-24 സാമ്പത്തിക വർഷത്തിൽ ഫെയർവാല്യൂ വർദ്ധനവ് വരുത്തിയതിലൂടെയും വകുപ്പിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലാൻഡ് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഭൂനികുതി, കെട്ടിട നികുതി, അധിക നികുതി എന്നിവ കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ട്.

	മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട്, ദീർഘകാലമായി നികുതി ഒടുക്കാത്ത വാഹന നികുതി കുടിശ്ശിക തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയതുവഴി, ലഭിക്കുവാൻ സാദ്ധ്യത കുറവായിരുന്ന കുടിശ്ശിക ഈടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ ഗതാഗത നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനായി എ.ഐ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ നിരീക്ഷണ സംവിധാനം, ഓഫീസുകളിലെ നികുതി ചോർച്ച കണ്ടെത്തുന്നതിനായി ഫലപ്രദമായ ആഭ്യന്തര കണക്ക പരിശോധന സംവിധാനം എന്നിവ ഏർപ്പെടുത്തിയതിലൂടെയും, കാര്യക്ഷമമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെയും മോട്ടോർ വാഹന നികുതി കൃത്യമായി ഈടാക്കി വരുന്നുണ്ട്. എല്ലാ ബുധനാഴ്ചകളും നികുതി കുടിശ്ശിക ഈടാക്കുന്ന പ്രവർത്തനങ്ങൾക്കായി മാറ്റിവെച്ചിരിക്കുന്നു. നികുതി കുടിശ്ശിക വരുത്തിയവർക്ക് പ്രസ്തുത ദിവസങ്ങളിൽ ഡിമാന്റ് നോട്ടീസ് നൽകുകയും തുടർന്ന് റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്യുന്നു. ഇതിനുപുറമേ, മൈനിംഗ് & ജിയോളജി, ലോട്ടറി, വനം-വന്യജീവി, പോലീസ് തുടങ്ങിയ വകുപ്പുകളുമായി ബന്ധപ്പെട്ടുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ അടിയന്തര സാമ്പത്തിക ആവശ്യകത പരിഗണിച്ച് ഓരോ വകുപ്പിലേയും നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി വിവിധ ഫീസുകൾ, ഫൈനുകൾ, സർവ്വീസ് ചാർജ്ജുകൾ തുടങ്ങിയവ കാലാനുസൃതമായി വർദ്ധനവ് വരുത്തുന്നതിനായി ക്യാബിനറ്റ് തീരുമാനപ്രകാരം ധനകാര്യ വകുപ്പ് സ.ഉ(അച്ചടി)നം.55/2024/ധന തീയതി:17/07/2024 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം വിവിധ സർക്കാർ വകുപ്പുകൾ നടപടി സ്വീകരിച്ചു വരുന്നുണ്ട്. റവന്യൂ വരുമാനം, റവന്യൂ കുടിശ്ശിക എന്നിവ പിരിച്ചെടുക്കുന്നതു സംബന്ധിച്ച് സർക്കാർ തലത്തിൽ മോണിറ്ററിംഗ് നടത്തുന്നതിനായി പ്രധാന വകുപ്പുകളുടെ അവലോകന യോഗം ചേരുന്നുണ്ട്. അതോടൊപ്പം, ദൈനംദിന ധനകാര്യ മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നുണ്ട്. സാമൂഹ്യക്ഷേമ വികസന ചെലവുകൾ ഭംഗം കൂടാതെ നടത്തിയും പരമാവധി അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും മുൻപോട്ട് പോകുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി

	വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ തനത് വരുമാനം ഉയർത്തിയും, അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും, റിസോഴ്സ് ഗ്യാപ് ക്രമേണ കുറച്ചുകൊണ്ട് വന്ന്, ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തുന്നതിലൂടെയും വരും വർഷങ്ങളിൽ സംസ്ഥാന സമ്പദ് വ്യവസ്ഥ കൂടുതൽ ശക്തിപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

അക്കൗണ്ട്സ് ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - അധിക വിഭവ സമാഹരണം - നികുതിയേതര വരുമാന വർദ്ധനവിനുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് - ഓരോ വകുപ്പിലേയും നോൺ ടാക്സ് റവന്യൂ ഫീസുകൾ/ ചാർജ്ജുകൾ തുടങ്ങിയവ കാലാനുസൃതമായി വർദ്ധനവ് വരുത്തുന്നതിന് അതാത് വകുപ്പിനെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (റവന്യൂ മോണിറ്ററിംഗ് സെൽ) വകുപ്പ്

സ.ഉ.(അച്ചടി)നം.55/2024/ധന　　　　　　തീയതി, തിരുവനന്തപുരം, 17/07/2024

പരാമർശം:- 11/07/2024 തീയതിയിലെ മന്ത്രിസഭായോഗത്തിലെ ഇനം നം.2274-മേലുള്ള തീരുമാനം.

ഉത്തരവ്

വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖല/ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് പൊതുജനങ്ങൾക്ക്/സ്ഥാപനങ്ങൾക്ക് നൽകി വരുന്ന വിവിധ സേവനങ്ങൾക്ക് നിശ്ചിത ഫീസ്/ചാർജ്/റോയൽറ്റി തുടങ്ങിയവ ഈടാക്കിവരുന്നുണ്ട്. സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തല വികസനത്തിനും, സാമ്പത്തിക സുസ്ഥിരതയ്ക്കും വരുമാന വർദ്ധനവിനുള്ള സാധ്യതകൾ പരിഗണിക്കേണ്ടതുണ്ട്. ചില നികുതിയേതര ഇനങ്ങളുടെ ഫീസുകൾ/ചാർജ്ജുകൾ തുടങ്ങിയവ ദീർഘകാലമായി പരിഷ്കരിക്കാത്ത സ്ഥിതിയുണ്ട്. ഈ സാഹചര്യത്തിൽ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും പരിശോധിക്കേണ്ടതുണ്ട്.

2) സംസ്ഥാനത്തിന്റെ നിലവിലെ അടിയന്തര സാമ്പത്തിക ആവശ്യകത പരിഗണിച്ച് ഓരോ വകുപ്പിലേയും നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി വിവിധ ഫീസുകൾ/ ഫൈനുകൾ/സർവ്വീസ് ചാർജ്ജുകൾ എന്നിവ കാലാനുസൃതമായി വർദ്ധനവ് വരുത്താൻ അതാത് വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം നിരക്ക് വർദ്ധനവ് വരുത്തിക്കൊണ്ടുള്ള ഉത്തരവ് **26/07/2024** ന് മുൻപ് അതാത് വകുപ്പുകൾ പുറപ്പെടുവിക്കേണ്ടതും, ആയതിന്റെ പകർപ്പ് ധനകാര്യ (റവന്യൂ മോണിറ്ററിംഗ് സെൽ) വകുപ്പിന് ലഭ്യമാക്കേണ്ടതുമാണ്.

3) ഇപ്രകാരം വകുപ്പുകൾ വരുത്തുന്ന നിരക്ക് വർദ്ധനവിൽ അപാകതകൾ/പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട വകുപ്പിലെ അഡീഷണൽ സെക്രട്ടറി തലത്തിലെ ഒരു ഉദ്യോഗസ്ഥൻ, ധനകാര്യ (റവന്യൂ മോണിറ്ററിംഗ് സെൽ) വകുപ്പിലെ അഡീഷണൽ സെക്രട്ടറി, ബന്ധപ്പെട്ട വകുപ്പ് മേധാവി എന്നിവർ അടങ്ങുന്ന സമിതി ആയത് പരിശോധിച്ച് സമയബന്ധിതമായി ശിപാർശ തയ്യാറാക്കി ചീഫ് സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്.

4) കഴിഞ്ഞ ആറു മാസത്തിനുള്ളിൽ നിരക്കുകൾ വർദ്ധിപ്പിച്ച ഇനങ്ങൾക്ക് ഈ ഉത്തരവ് പ്രകാരം വർദ്ധനവ് വരുത്തേണ്ടതില്ല.

5) വിദ്യാർത്ഥികൾ, പട്ടിക ജാതി- പട്ടിക വർഗ്ഗ വിഭാഗങ്ങൾ എന്നിവർക്ക് നിരക്ക് വർദ്ധനവ് ബാധകമാക്കേണ്ടതില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രബീന്ദ്ര കുമാർ അഗർവാൾ
ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
3. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സ്പെഷ്യൽസെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/ ജോയിന്റ് സെക്രട്ടറിമാർക്കും/ ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/ അണ്ടർ സെക്രട്ടറിമാർക്കും.
4. സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
5. എല്ലാ വകുപ്പ മേധാവികൾക്കും.
6. മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
7. ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്.
8. പൊതുഭരണ (എസ്.സി) വകുപ്പ്.
9. പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
10. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
11. നോഡൽ ഓഫീസർ, www.finance.kerala.gov.in
12. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ